# പ്രളയം: ഗുണ്ടൽപേട്ടിലെ പൂക്കർഷകർക്കും തിരിച്ചടി

**കെ കെ ജയേഷ്**

കോഴിക്കോട്: കേരളത്തിലുണ്ടായ അതിരൂക്ഷമായ പ്രളയം കർണ്ണാടകയിലെ പൂപ്പാടങ്ങളെയും കണ്ണീരിലാഴ്ത്തി. പ്രളയത്തെത്തുടർന്ന് കേരളത്തിൽ ഓണാഘോഷം മാറ്റിവച്ചപ്പോൾ ഗുണ്ടുൽപേട്ടിലെ പൂക്കർഷകർക്ക് ഉണ്ടായത് ലക്ഷങ്ങളുടെ നഷ്ടമാണ്. തമിഴ്നാട്ടിലെ വൻകിട പെയിന്റ് കമ്പനികളിൽ നിന്ന് ലഭിക്കുന്ന തുച്ഛമായ വരുമാനം ഒഴിച്ചാൽ ഗുണ്ടൽപേട്ടിലെ കർഷകരുടെ പ്രധാന വരുമാനം കേരളത്തിലെ ഓണവിപണിയായിരുന്നു.



ഗുണ്ടൽപേട്ടിലെ പൂപ്പാടങ്ങളിലൊന്ന്

നൂറുകണക്കിന് ചാക്ക് പൂവുകളാണ് കേരളത്തിലേക്ക് കയറ്റിയയക്കാൻ സാധിക്കാതെ കെട്ടിക്കിടന്ന് നശിച്ചതെന്ന് ഇവിടുത്തെ കർഷകർ പറയുന്നു. അത്തം ഒന്ന് മുതൽ പത്ത് ദിവസമാണ് ഇവിടുന്ന് കേരളത്തിലേക്ക് വലിയതോതിൽ പൂക്കൾ എത്തുന്നത്. ഇതിൽ ആദ്യത്തെ നാല് ദിവസം കേരളത്തിലെ കനത്ത പ്രളയം കാരണം ലോഡുകൾ ഒന്നും കയറ്റി അയക്കാൻ കഴിഞ്ഞില്ല. പിന്നീട് മഴ കുറഞ്ഞെങ്കിലും മുൻവർഷങ്ങളിലേതുപോലെ ആവശ്യക്കാർ അധികമൊന്നും പൂവും തേടി ഇവിടേക്ക് എത്തിയില്ല. സീസണിന്റെ പകുതി നഷ്ടപ്പെട്ടതിനാലും കേരളത്തിലെ സ്കൂളുകളിലും സർക്കാർ സ്ഥാപനങ്ങളിലുമെല്ലാം ഓണാഘോഷവും പൂക്കളമൊരുക്കലും ഒഴിവാക്കിയതിനാലും ഇവിടുത്തെ ചെറുകിട കച്ചവടക്കാരിൽ ഭൂരിഭാഗവും വിട്ടു നിന്നതാണ് ഇതിന് കാരണം. കുറച്ച് മൊത്ത വ്യാപാരികളും ഇടനിലക്കാരും പൂക്കൾ തേടി കഴിഞ്ഞ ദിവസങ്ങളിൽ ഗുണ്ടുൽപേട്ടിൽ എത്തിയിരുന്നു. പൂക്കൾ നശിച്ചുപോവേണ്ടെന്ന് കരുതി ഇവർ പറഞ്ഞ വിലയ്ക്ക് പൂക്കൾ നൽകിയതായി കർഷകർ പറയുന്നു.

മറ്റ് സീസണുകളിൽ തമിഴ് നാട്ടിലെ പെയിന്റ് കമ്പനികൾക്കാണ് കർഷകർ പൂക്കൾ നൽകുക. കിലോയ്ക്ക് അഞ്ചും ഏഴും രുപയ്ക്കെയാണ് ലഭിക്കുക. ഇതിനൊരു മാറ്റം ഉണ്ടാവുക പൂക്കൾ കേരളത്തിലേക്ക് അയക്കുമ്പോഴായിരുന്നു. അതായിരുന്നു ഇവരുടെ ലാഭം. എന്നാലിപ്പോൾ പെയിന്റ് കമ്പനിക്കാർക്ക് നൽകുന്ന അതേ വിലയ്ക്ക് കേരളത്തിലേക്ക് കയറ്റി അയക്കേണ്ട അവസ്ഥയാണ് ഇവർക്കുണ്ടായത്.

ഓണക്കാലമായാൽ പൂക്കൾ വിസ്മയം തീർക്കുന്ന നാടാണ് ഗുണ്ടൽപേട്ട്. ഇവിടുത്തെ പൂപ്പാടങ്ങൾ കാണാനായി മാത്രം നിരവധി ടൂറിസ്റ്റുകൾ ഇവിടേക്ക് എത്തും. ഇവർ പാടത്തിറങ്ങി ഫോട്ടോയെടുക്കുമ്പോൾ ചെറിയൊരു വരുമാനം കർഷകർക്ക് ലഭിക്കുമായിരുന്നു. ഒരാളിൽ നിന്ന് പത്തുരൂപയും കുടുംബത്തിൽ നിന്ന് അമ്പത് രൂപയുമായിരുന്നു ഈടാക്കിയിരുന്നത്. എന്നാൽ കേരളത്തിലെ വെള്ളപ്പൊക്കവും വയനാട് ചുരം ഇടിഞ്ഞതും കബനി നദിയിലെ ജലം ഒഴുകി ഗുണ്ടുൽപേട്ടിലും പരിസരത്തും ഗതാഗത തടസ്സം ഉണ്ടായതുമെല്ലാം കാരണം ഇത്തവണ ടൂറിസ്റ്റുകളും കുറവാണ്. തമിഴ്നാട്ടിലെ പെയിന്റ് കമ്പനികളെ ലക്ഷ്യമിട്ടാണ് ഗുണ്ടുൽപേട്ടിൽ പ്രധാനമായും പൂക്കൃഷി നടക്കുന്നത്. പലപ്പോഴും വിത്തും വളവുമെല്ലാം കമ്പനികൾ തന്നെ നൽകും. വിളവെടുപ്പിന് പാകമായാൽ പെയിന്റ് കമ്പനികളുടെ പ്രതിനിധികളെത്തി വില നിശ്ചയിച്ച് പൂക്കൾ കൊണ്ടുപോവുകയാണ് പതിവ്. പ്രതികൂല കാലാവസ്ഥ കാരണം വിളവെടുപ്പിൽ എന്തെങ്കിലും കുറവുണ്ടായാൽ വലിയ നഷ്ടമാണ് കർഷകർക്ക് ഉണ്ടാവുക. മൂന്നു മാസം കൊണ്ടാണ് പൂക്കൾ വിളവെടുപ്പിന് പാകമാകുക. ഒരു പാടത്ത് നിന്ന് എട്ട് തവണയെങ്കിലും വിളവെടുപ്പ് നടക്കും. കഴിഞ്ഞ വർഷം മഴകുറഞ്ഞതുകാരണം വിളവെടുപ്പ് കുറഞ്ഞിരുന്നു. അതുകൊണ്ട് ഓണവിപണിയിൽ നിന്ന് ഇവർക്ക് വലിയ ലാഭമൊന്നും ലഭിച്ചില്ല. ഇത്തവണയാവട്ടെ പ്രളയം വലിയ നഷ്ടമാണ് ഇവർക്ക് ഉണ്ടാക്കിയിട്ടുള്ളത്. ബാങ്ക് വായ്പ ഉൾപ്പടെയെടുത്ത് കൃഷി ചെയ്ത പല കർഷകരും ഇനിയെന്ത് ചെയ്യുമെന്ന ആശങ്കയിലാണ്.